Draft #1 of File 110108/EI36 SO/2021/EI 36 Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Sep-2021 11:40 AM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ചങ്ങനാശ്ശേരി എസ് ബി കോളേജിലെ ബിരുദ പ്രോഗ്രാമുകളുടെ ഗ്രേഡിങ് 2018 അഡ്മിഷൻ മുതൽ സർവ്വകലാശാലയുടേതിന് സമാനമാക്കിയതായി അറിയിച്ചിട്ടുള്ളത് അംഗീകരിച്ചുകൊണ്ടും അതിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലെ 2018 മുതലുള്ള ബിരുദ വിദ്യാർത്ഥികളിൽ അർഹരായവർക്ക് പ്രൊവിഷണൽ , ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിന് ബഹു.വൈസ് ചാൻസിലർ അനുമതി നൽകിയത് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5103/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.09.2021

---

*പരാമർശം:*-1) സർവകലാശാലാ ഉത്തരവ് നം 5505 / ACB 7 / 2020 / എം ജി യു തീയതി 18 / 11 / 2020

2 )ചങ്ങനാശ്ശേരി എസ് ബി കോളേജ് പ്രിൻസിപ്പലിന്റെ 15 / 3 / 2021 ലെ SBC / Autonomous / Acad / 15 / 2021 നമ്പർ കത്ത് .

**ഉത്തരവ്**

സ്വയംഭരണ പദവിയുള്ള ചങ്ങനാശ്ശേരി എസ് ബി കോളേജിലെ 2017 അഡ്മിഷൻ ബിരുദ പ്രോഗ്രാമുകളുടെ ഗ്രേഡിങ്ങിൽ സർവകലാശാലയുടേതിൽ നിന്നും വന്നിട്ടുള്ള വ്യതിയാനം അംഗീകരിച്ചുകൊണ്ട് ടി ബാച്ചിലെ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ , ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1 )ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത ഉത്തരവിൽ 2018 അഡ്മിഷൻ മുതൽ എസ് ബി കോളേജ് ബിരുദ പ്രോഗ്രാമുകൾക്ക് ഗ്രേഡിങ്ങിൽ സർവകലാശാലയുടെ രീതി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. അതിൻ പ്രകാരം 2018 അഡ്മിഷൻ മുതൽ ബിരുദ പ്രോഗ്രാമുകൾക്ക് സർവകലാശാലയുടെ ഗ്രേഡിംഗ് രീതി സ്വീകരിച്ചുകൊണ്ട് കോളേജിന്റെ അക്കാദമിക് കൗൺസിലും ഗവേർണിംഗ് ബോഡിയും തീരുമാനമെടുത്തിട്ടുള്ളതായി ടി കോളേജ് പ്രിൻസിപ്പൽ പരാമർശം (2) കത്തിലൂടെ സർവ്വകലാശാലയെ അറിയിച്ചിട്ടുള്ളതാണ്.

ടി വിഷയം ബഹു.വൈസ് ചാൻസിലർ പരിഗണിക്കുകയും ചങ്ങനാശ്ശേരി ,എസ് ബി കോളേജിലെ വിവിധ യു .ജി പ്രോഗ്രാമുകളുടെ 2018 അക്കാദമിക വർഷം മുതൽ സർവ്വകലാശാല രീതിക്ക് സമാനമായ ഗ്രേഡിംഗ് രീതി കോളേജ് സ്വീകരിച്ചിട്ടുള്ളത് അംഗീകരിച്ചുനൽകണമെന്നുള്ള പ്രിൻസിപ്പലിന്റെ അപേക്ഷ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2018 അഡ്മിഷൻ മുതലുള്ള ബിരുദ വിദ്യാർത്ഥികളിൽ അർഹരായവർക്ക് പ്രൊവിഷണൽ,ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകുകയും ചെയ്തു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.പ്രിൻസിപ്പൽ ചങ്ങനാശ്ശേരി ,എസ് ബി കോളേജ് (സ്വയം ഭരണം )
4.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5.ഡെപ്യൂട്ടി രജിസ്ട്രാർ I/II/III (അക്കാദമിക്)
6.അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7.പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ക്യൂ.എ.സി.
8.ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39

Draft #1 of File 110108/EI36 SO/2021/EI 36 Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Sep-2021 11:40 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം